**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 491** **08-10-2024 - ൽ മറുപടിയ്ക്ക്**

**പങ്കാളിത്ത പെൻഷൻകാർക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട് 1972 പ്രകാരം ജീവനക്കാരുടെ അവകാശമായ ഗ്രാറ്റുവിറ്റി, കമ്മ്യൂട്ടേഷൻ ഓഫ് പെൻഷൻ എന്നിവ വിരമിച്ച പങ്കാളിത്ത പെൻഷൻകാർക്ക് നിഷേധിക്കപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട സാമ്പത്തിക നിയമ വശങ്ങൾ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ വിശദമായി പരിശോധിച്ച്, പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ടി റിപ്പോർട്ട് പരിശോധിക്കുന്നതിനായി 02.11.2023 -ലെ സ.ഉ(അ)നം. 110/2023/ധന പ്രകാരം ബഹു. ധനകാര്യ വകുപ്പ് മന്ത്രി, ബഹു. നിയമ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി എന്നിവരടങ്ങിയ സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, 2024-25 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ ഒരു 'Assured' പെൻഷൻ സമ്പ്രദായം നടപ്പിലാക്കുന്നതിനു വേണ്ടി പുതുക്കിയ സ്കീം രൂപീകരിക്കുമെന്നും മറ്റ് സംസ്ഥാനങ്ങളിലെ പുതിയ പദ്ധതികൾ കൂടി പഠിച്ച് സംസ്ഥാനത്ത് നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും പ്രഖ്യാപിച്ചിട്ടുമുണ്ട്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ടി വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) | പ്രസ്തുത ആക്ട് എല്ലാ സ്വകാര്യ, പൊതുമേഖലാ, സർക്കാർ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കുകയും, 1986-ലെ യൂണിയൻ ഓഫ് ഇന്ത്യാ V/s കാഷ്വൽ വർക്കേഴ്സ് ഓഫ് പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് എന്ന കേസിൽ "The Government should be model employer to their own employees" എന്ന വിധി നിലനിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അഞ്ച് വർഷം തികഞ്ഞ പങ്കാളിത്ത പെൻഷൻകാർക്ക് ഡി.സി.ആർ.ജി. നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ; | (ബി) | സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട സാമ്പത്തിക നിയമ വശങ്ങൾ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ വിശദമായി പരിശോധിച്ച്, പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ടി റിപ്പോർട്ട് പരിശോധിക്കുന്നതിനായി 02.11.2023 -ലെ സ.ഉ(അ)നം. 110/2023/ധന പ്രകാരം ബഹു. ധനകാര്യ വകുപ്പ് മന്ത്രി, ബഹു. നിയമ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി എന്നിവരടങ്ങിയ സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, 2024-25 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ ഒരു 'Assured' പെൻഷൻ സമ്പ്രദായം നടപ്പിലാക്കുന്നതിനു വേണ്ടി |

| | | | |
|---|---|---|---|
| | | | പുതുക്കിയ സ്കീം രൂപീകരിക്കുമെന്നും മറ്റു സംസ്ഥാനങ്ങളിലെ പുതിയ പദ്ധതികൾ കൂടി പഠിച്ച് സംസ്ഥാനത്ത് നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും പ്രഖ്യാപിച്ചിട്ടുമുണ്ട്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ടി വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (സി) | പങ്കാളിത്ത പെൻഷൻ പുന:പരിശോധന കമ്മിറ്റി റിപ്പോർട്ടിൽ പറയുന്ന, 10 വർഷത്തിൽ താഴെ മാത്രം സർവീസുള്ള ജീവനക്കാരെ സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ ഉൾപ്പെടുത്തണം എന്ന നിർദ്ദേശം കേരള സർക്കാർ നടപ്പിലാക്കുമോ; | (സി) | സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട സാമ്പത്തിക നിയമ വശങ്ങൾ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ വിശദമായി പരിശോധിച്ച്, പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ടി റിപ്പോർട്ട് പരിശോധിക്കുന്നതിനായി 02.11.2023 -ലെ സ.ഉ(അ)നം. 110/2023/ധന പ്രകാരം ബഹു. ധനകാര്യ വകുപ്പ് മന്ത്രി, ബഹു. നിയമ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി എന്നിവരടങ്ങിയ സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, 2024-25 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ ഒരു 'Assured' പെൻഷൻ സമ്പ്രദായം നടപ്പിലാക്കുന്നതിനു വേണ്ടി പുതുക്കിയ സ്കീം രൂപീകരിക്കുമെന്നും മറ്റു സംസ്ഥാനങ്ങളിലെ പുതിയ പദ്ധതികൾ കൂടി പഠിച്ച് സംസ്ഥാനത്ത് നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും പ്രഖ്യാപിച്ചിട്ടുമുണ്ട്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ടി വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ഡി) | പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിച്ച് പഴയ പെൻഷൻ പദ്ധതി മുൻകാല പ്രാബല്യത്തിൽ പുന:സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട സാമ്പത്തിക നിയമ വശങ്ങൾ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ വിശദമായി പരിശോധിച്ച്, പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ടി റിപ്പോർട്ട് പരിശോധിക്കുന്നതിനായി 02.11.2023 -ലെ സ.ഉ(അ)നം. 110/2023/ധന പ്രകാരം ബഹു. ധനകാര്യ വകുപ്പ് മന്ത്രി, ബഹു. നിയമ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി എന്നിവരടങ്ങിയ സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, 2024-25 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ ഒരു 'Assured' പെൻഷൻ സമ്പ്രദായം നടപ്പിലാക്കുന്നതിനു വേണ്ടി പുതുക്കിയ സ്കീം രൂപീകരിക്കുമെന്നും മറ്റു സംസ്ഥാനങ്ങളിലെ പുതിയ പദ്ധതികൾ കൂടി പഠിച്ച് സംസ്ഥാനത്ത് നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും പ്രഖ്യാപിച്ചിട്ടുമുണ്ട്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ |

| | | | |
|---|---|---|---|
| | | | ടി വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ഇ) | പ്രതിമാസം ആയിരം രൂപ പോലും പെൻഷൻ ലഭിക്കാത്ത പങ്കാളിത്ത പെൻഷൻകാരെ മുൻഗണന റേഷൻ കാർഡ് (ബി.പി.എൽ.) പട്ടികയിൽ ഉൾപ്പെടുത്തുമോ; | (ഇ) | സംസ്ഥാനത്തിനു ലഭ്യമായിരിക്കുന്ന മുൻഗണനാ ഒഴിവുകൾ പരിമിതമായതിനാൽ, ഏറ്റവും അർഹരായ റേഷൻ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നത് സ.ഉ(സാധാ)നം. 320/2017/ ഭ.പൊ.വി.വ തീയതി 18.09.2017 പ്രകാരമുള്ള മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ്. പ്രസ്തുത ഉത്തരവിന്റെ ഖണ്ഡിക 2 (a) പ്രകാരം സർക്കാർ/ അർദ്ധ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, സർവ്വീസ് പെൻഷൻകാർ എന്നിവർ മുൻഗണനയിൽപ്പെടാൻ അനർഹരാണ്. ആയതിൽ പാർട്ട് ടൈം ജീവനക്കാർ, താൽക്കാലിക ജീവനക്കാർ, ക്ലാസ് 4 തസ്തികയിൽ പെൻഷനായവർ, 5,000/- രൂപയിൽ താഴെ പെൻഷൻ വാങ്ങുന്നവർ, 10,000/- രൂപയിൽ താഴെ സ്വാതന്ത്ര്യസമര പെൻഷൻ വാങ്ങുന്നവർ എന്നിവരെ ഒഴിവാക്കിയിട്ടുണ്ട്. അപേക്ഷ പ്രകാരം അർഹതയുടെ അടിസ്ഥാനത്തിൽ ഇവരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നുണ്ട്. |
| (എഫ്) | വിരമിച്ച പങ്കാളിത്ത പെൻഷൻകാർ മെഡിസെപ്പ് പദ്ധതിയിൽ ചേരുന്നതിനായി 18000/- രൂപ ഒറ്റ തവണ പ്രീമിയം അടക്കണമെന്നത് ഒഴിവാക്കി സൗജന്യമായി മെഡിസെപ് ആനുകൂല്യങ്ങൾ ലഭ്യമാക്കാമോ? | (എഫ്) | മെഡിസെപ് പദ്ധതി ആരംഭിച്ച തീയതിയായ 01/07/2022 -ന് മുൻപ് സേവനത്തിൽ നിന്ന് വിരമിച്ച NPS പെൻഷൻകാർക്ക് മെഡിസെപ് അംഗത്വം ഐച്ഛികമായിരുന്നുവെന്നും (Optional) അപ്രകാരമുള്ള NPS പെൻഷൻകാരെ, അവരുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ മൂന്ന് വർഷത്തെ ആകെ പ്രീമിയം തുകയായ 18,000/- രൂപ മുൻകൂറായി ഒറ്റത്തവണയായി സ്വീകരിച്ചുകൊണ്ട് പദ്ധതിയിൽ ചേർക്കാമെന്നും 24.06.2022 തീയതിയിലെ സ.ഉ(പി)നം. 71/2022/ ധന പ്രകാരം ഉത്തരാവായിട്ടുണ്ട്. ആയതിനാൽ 01/07/2022 -ന് മുൻപ് സേവനത്തിൽ നിന്ന് വിരമിച്ച NPS പെൻഷൻകാർക്ക് ഈ പദ്ധതികാലയളവിൽ (2025 ജൂൺ വരെ) മെഡിസെപ് പദ്ധതിയിൽ അംഗങ്ങളാകുവാൻ സാധിക്കുന്നതല്ല.<br><br>01/07/2022 -നു ശേഷം മൂന്നു വർഷത്തെ പോളിസി കാലയളവിനുള്ളിൽ സേവനത്തിൽ നിന്ന് വിരമിക്കുന്ന NPS പെൻഷൻകാരുടെ 18,000/- രൂപയിൽ ഒടുക്കുവാൻ ശേഷിക്കുന്ന മെഡിസെപ് പ്രീമിയം, ബന്ധപ്പെട്ട ഡി.ഡി.ഒ -മാർ അവരുടെ അവസാന ശമ്പളത്തിൽ നിന്നും ഈടാക്കി '8658-00-102-87-(09) (Contribution from NPS |

| | | | |
|---|---|---|---|
| | | | Pensioners)' എന്ന ബജറ്റ് ശീർഷകത്തിൽ ഒടുക്കേണ്ടതും (ജി. ഒ(പി) നം. 71/2022/ധന തീയതി 24.06.2022) പ്രസ്തുത വിവരം രേഖാമൂലം ധന (ഹെൽത്ത് ഇൻഷുറൻസ്) വകുപ്പിനെ അറിയിക്കേണ്ടതുമാണ്. മേൽ പരാമർശിച്ച വസ്തുതകൾ 16/01/2024 തീയതിയിലെ 03/2024/ധന നമ്പർ സർക്കുലറിൽ വിശദമാക്കിയിട്ടുള്ളതുമാണ്. വിരമിച്ച പങ്കാളിത്ത പെൻഷൻകാർക്ക് പ്രീമിയം അടയ്ക്കുന്നത് ഒഴിവാക്കി സൗജന്യമായി മെഡിസെപ് ആനുകൂല്യം ലഭ്യമാക്കുവാൻ നിലവിൽ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനാ സമിതി സമർപ്പിച്ച റിപ്പോർട്ട് പരിശോധിക്കുന്നതിനായി സമിതിയെ നിയമിച്ച് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ -എ) വകുപ്പ്**

**സ.ഉ.(അ) നം.110/2023/ധന.** **തിരുവനന്തപുരം, തീയതി, 02/11/2023.**

---

പരാമർശം :- 1. സ.ഉ. (അ) നം. 20/2013/ധന. തീയതി, 07.01.2013.
2. സ.ഉ. (അ) നം. 172/2018/ധന. തീയതി, 07.11.2018.

**<u>ഉത്തരവ്</u>**

പരാമർശം (1) ഉത്തരവ് പ്രകാരം സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി ശ്രീ. എസ്. സതീഷ് ചന്ദ്രബാബു (റിട്ട. ജില്ലാ ജഡ്ജി) ചെയർമാനായും ശ്രീ. പി. മാരപാണ്ഡ്യൻ ഐ.എ.എസ് (റിട്ട.), പ്രൊഫ. ഡി. നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി എന്നിവർ അംഗങ്ങളായും ഒരു സമിതി രൂപീകരിച്ചു കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട സാമ്പത്തിക നിയമവശങ്ങൾ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ വിശദമായി പരിശോധിച്ച് സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കാൻ ധനകാര്യ വകുപ്പ് മന്ത്രി, നിയമ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി എന്നിവർ ഉൾപ്പെട്ട സമിതിയെ ചുമതലപ്പെടുത്തുവാനും അധിക കാലതാമസം കൂടാതെ ശിപാർശകൾ മന്ത്രിസഭ മുൻപാകെ സമർപ്പിക്കുവാനും 01.11.2023 തീയതിയിൽ കൂടിയ മന്ത്രിസഭാ യോഗം തീരുമാനിക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനാ സമിതി സർക്കാരിന് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് പരിശോധിക്കുന്നതിനായി ധനകാര്യ വകുപ്പ് മന്ത്രി, നിയമ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി എന്നിവരെ അംഗങ്ങളായി ഉൾപ്പെടുത്തി സമിതിയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**രബീന്ദ്ര കുമാർ അഗർവാൾ**
**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്- II), കേരള, തിരുവനന്തപുരം.

3. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
4. ഡയറക്ടർ, ഇൻഫോർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ്, തിരുവനന്തപുരം.
5. ധനകാര്യ (എൻ.പി.എസ്. സെൽ) വകുപ്പ്.
6. മുഴുവൻ ജില്ലാ / സബ് ട്രഷറി ഓഫീസർമാർക്കും.
7. എല്ലാ വകുപ്പ് മേധാവികൾക്കും.
8. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
9. മാനേജിംഗ് ഡയറക്ടർ, കെ.എസ് ആർ.ടി.സി, തിരുവനന്തപുരം.
10. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
11. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം.
12. രജിസ്ട്രാർ, വിവിധ സർവ്വകലാശാലകൾ, (കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ).
13. രജിസ്ട്രാർ,കേരള ലോകായുക്ത, തിരുവനന്തപുരം.
14. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര.
15. രജിസ്ട്രാർ, കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റി, വയനാട്.
16. രജിസ്ട്രാർ, ശ്രീ ശങ്കര സംസ്കൃത സർവ്വകലാശാല, കാലടി.
17. രജിസ്ട്രാർ, കേരള സംസ്ഥാന ആരോഗ്യ സർവ്വകലാശാല, തൃശ്ശൂർ.
18. രജിസ്ട്രാർ, ഫിഷറീസ് സർവ്വകലാശാല, എറണാകുളം.
19. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ, തിരുവനന്തപുരം.
20. അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
21. സെക്രട്ടറി, കെ.എസ്.ഇ.ബി - ലിമിറ്റഡ്, തിരുവനന്തപുരം.
22. ചീഫ് സെക്രട്ടറി, കേരള സർക്കാർ.
23. ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം.
24. സ്പീക്കറുടെ/ ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി, കേരള നിയമസഭ.
25. സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
26. സെക്രട്ടറി, കേരള സംസ്ഥാന വനിതാ കമ്മീഷൻ, തിരുവനന്തപുരം.
27. മുഖ്യമന്ത്രിയുടെ/മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
28. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
29. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
30. മുഖ്യ വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം.
31. നോഡൽ ഓഫീസർ, www.finance.kerala.gov.in
32. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നം.1856 തീയതി, 01/11/2023).
33. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (ഇ-2599591).

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യപൊതുവിതരണ വകുപ്പ് - ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 - മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ച് പട്ടിക തയ്യാറാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

സ.ഉ(സാധാ)നം.320/2017/ഭ.പൊ.വി.വ തിരുവനന്തപുരം, തീയതി, 18.09.2017

---

പരാമർശം: - 1) 14.01.11 ലെ സ.ഉ(കൈ)നം.16/11/ത.സ്വ.ഭ.വ
2) 27.04.12 ലെ സ.ഉ(കൈ)നം.112/12/ത.സ്വ.ഭ.വ
3) സിവിൽ സപ്ലൈസ് കമ്മീഷണറുടെ 31.08.2017 ലെ (സി.എസ്)എ6-19331/17 നം. കത്ത്.

**ഉത്തരവ്**

1) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിലേയ്ക്കായി പരാമർശം (1), (2) പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുവാൻ സർക്കാർ ഉത്തരവായിരുന്നു. ആയത് പ്രകാരം റാങ്കിംഗ് നടത്തി തയ്യാറാക്കിയ പട്ടികയിൽ ധാരാളം അനർഹർ കടന്നു കൂടുകയും അർഹർ ഒഴിവായിപോകുകയും ചെയ്തു എന്ന വ്യാപക പരാതി ശ്രദ്ധയിൽപ്പെട്ടതിനാലും പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ലെ വകുപ്പ് 3(13) പ്രകാരം അന്തിമ മുൻഗണനാ പട്ടിക തുടർച്ചയായി പുനരവലോകനം നടത്തി അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാലും നിലവിലെ മാനദണ്ഡങ്ങളിൽ ശ്രദ്ധയിൽ പ്പെടുത്തപ്പെട്ട അപാകതകൾ പരിഹരിക്കുന്നതിന് സിവിൽ സപ്ലൈസ് കമ്മീഷണർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയത് സർക്കാർ വിശദമായി പരിശോധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

2)

a) സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ/സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, സർവ്വീസ് പെൻഷൻകാർ (പാർട്ട് ടൈം ജീവനക്കാർ, താൽക്കാലിക ജീവനക്കാർ, ക്ലാസ് 4 തസ്തികയിൽ പെൻഷനായവർ, 5,000/-രൂപയിൽ താഴെ പെൻഷൻ വാങ്ങുന്നവർ, 10,000/-രൂപയിൽ താഴെ സ്വാതന്ത്ര്യസമര പെൻഷൻ വാങ്ങുന്നവർ ഒഴികെ)

b) ആദായ നികുതി ഒടുക്കുന്നവർ

c) പ്രതിമാസ വരുമാനം 25000 രൂപയ്ക്ക് മുകളിലുള്ളവർ

d) സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ (പട്ടികവർഗ്ഗക്കാർ ഒഴികെ)

e) സ്വന്തമായി ആയിരം ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള വീടോ ഫ്ളാറ്റോ ഉള്ളവർ

f) നാല് ചക്ര വാഹനം സ്വന്തമായി ഉള്ളവർ (ഏക ഉപജീവന മാർഗ്ഗമായ ടാക്സി ഒഴികെ)

g) കുടുംബത്തിൽ ആർക്കെങ്കിലും വിദേശ ജോലിയിൽ നിന്നോ സ്വകാര്യ സ്ഥാപന ജോലിയിൽ നിന്നോ 25,000/- രൂപയിൽ അധികം പ്രതിമാസ വരുമാനം ഉള്ളവർ;

എന്നിവർ ഉൾപ്പെടുന്ന കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.

3)

a) പരമ്പരാഗത/അസംഘടിത തൊഴിലാളികളുടെ കുടുംബങ്ങൾ

b) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മാനദണ്ഡങ്ങൾ പ്രകാരം ബി.പി.എൽ പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങൾ (സാമ്പത്തിക സ്ഥിതിയിൽ മാറ്റം വന്നിട്ടില്ലെങ്കിൽ)

c) ആശ്രയ പദ്ധതിയിൽ അംഗങ്ങളായുള്ളവർ (തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ പട്ടിക പ്രകാരം - സാമ്പത്തിക അവസ്ഥയ്ക്ക് വലിയ ഉയർച്ച ഉണ്ടായിട്ടില്ലെങ്കിൽ)

d) പട്ടിക വർഗ്ഗം (ഖണ്ഡിക 2 (a) യിൽപെടുന്നവർ ഒഴികെ)

e) കുടുംബത്തിൽ ആർക്കെങ്കിലും മാരകമായ രോഗങ്ങളായ എയിഡ്സ്, കാൻസർ, ഓട്ടിസം, ഗുരുതരമായ ശാരീരിക, മാനസിക വെല്ലുവിളികൾ, സ്ഥിരമായ കുഷ്ഠം, എൻഡോസൾഫാൻ ബാധിതർ, ഡയാലിസിസിന് വിധേയരാകുന്നവർ, കിഡ്നി, ഹൃദയ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം പോലുള്ള രോഗബാധയാൽ പരസഹായമില്ലാതെ ജീവിക്കാൻ കഴിയാത്തവരും ശരീരം തളർന്ന് ശയ്യാവലംബരായവരും

f) നിർദ്ധനയും നിരാലംബയുമായ സ്ത്രീ ഗൃഹനാഥയായ കുടുംബം, വിധവ ഗൃഹനാഥയായ (21 വയസ്സിന് മുകളിൽ പ്രായമായ പുരുഷൻമാർ ഇല്ലാത്ത) കുടുംബങ്ങൾ, അവിവാഹിതയായ അമ്മ / ഉപേക്ഷിക്കപ്പെട്ട സ്ത്രീ എന്നിവരാൽ നയിക്കപ്പെടുന്ന കുടുംബങ്ങൾ;

എന്നിവരെ പരിശോധിച്ച് യോഗ്യതയുണ്ടെങ്കിൽ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

4) ഇതുകൂടാതെ പരമ്പരാഗത തൊഴിൽ മേഖല, അസംഘടിത തൊഴിൽ മേഖല എന്നിവയ്ക്ക് പ്രത്യേകമായും എസ്.ടി, എസ്.സി തുടങ്ങിയ സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥയുള്ളവർക്കായുള്ള പരിഗണനകൾക്ക് പ്രത്യേകമായും മാർക്ക് നൽകി ഉൾപ്പെടുത്തേണ്ടതാണ്.

5) തൊഴിൽരഹിതർ എന്ന നിലയിൽ മാർക്ക് നൽകുന്നത് കുടുംബനാഥൻ/നാഥ/വീട്ടിലെ മുതിർന്ന സംരക്ഷണ ചുമതലയുള്ള അംഗം എന്നിവർക്കായി പരിമിതപ്പെടുത്തേണ്ടതാണ്.

6) ഇപ്രകാരം അർഹരെ ഉൾപ്പെടുത്തുന്നതിനും അനർഹരെ ഒഴിവാക്കുന്നതിനും ഉതകുന്ന രീതിയിൽ കൃത്യമായ അന്വേഷണം നടത്തി ഇപ്പോൾ ലഭിച്ചിട്ടുള്ള അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിനും അങ്ങനെ വരുന്ന മാറ്റങ്ങൾ സർക്കാർ അനുമതിയോടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സിവിൽ സപ്ലൈസ് ഡയറക്ടർ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**മിനി ആന്റണി ഐ.എ.എസ്.**
**സ്പെഷ്യൽ സെക്രട്ടറി**

1. സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം
2. സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം
3. തദ്ദേശ സ്വയംഭരണ വകുപ്പ്
4. സാമൂഹ്യ നീതി വകുപ്പ്
5. പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്
6. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
   (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. സ്റ്റേറ്റ് ഇൻഫർമേറ്റിക്സ് ഓഫീസർ, എൻ.ഐ.സി
8. ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**GOVERNMENT OF KERALA**

Finance Department- Medical Insurance Scheme for State Government Employees and Pensioners – MEDISEP – Various payment modalities for premium deductions – Accounting Procedures - Orders issued.

=================================================================

## FINANCE (HEALTH INSURANCE) DEPARTMENT

G.O.(P) No.71/2022/Fin Dated, Thiruvananthapuram 24.06.2022

=================================================================

Read :- (1) G.O.(P) No.54/2017/Fin Dated 24/04/2017.
(2) G.O.(Rt) No.1480/2019/Fin Dated 26/02/2019.
(3) G.O.(P) No.01/2022/Fin Dated 01/01/2022.
(4) G.O.(Rt) No.936/2022/Fin Dated 10/02/2022.
(5) G.O.(P) No.70/2022/Fin Dated 23/06/2022

## ORDER

In the Government Order read 1st above, sanction has been accorded for the implementation of Medical Insurance Scheme for State Government Employees, Pensioners / Family Pensioners and their eligible family members as per the recommendation of the Tenth Pay Revision Commission. Later the Government decided to extend the Scheme to employees and pensioners of Universities which receive Grant-in-Aid from State Government and Local Self Government Institutions and directly recruited personal staff of Chief Minister, Ministers, Leader of Opposition, Chief Whip, Speaker, Deputy Speaker, Chairmen of Financial Committees and Personal staff pensioners and Family pensioners with a provision to avail cashless medical assistance through an insurance company selected by competitive bidding process. Vide GO read 3rd above, sanction has been accorded for the implementation of Medical Insurance Scheme for State Government Employees and Pensioners (MEDISEP) through Oriental Insurance Company Ltd. (OICL), and ordered therein that orders regarding effective date of premium deduction and modalities of remittance to State Government Account will be issued separately.

Government after examining the matter in detail are pleased to order that :

- The Medical Insurance Scheme for State Government Employees and Pensioners (MEDISEP) shall be operational with effect from 01/07/2022.
- The dedicated website of the scheme is www.medisep.kerala.gov.in .
- The employees and pensioners under the purview of the scheme may download their MEDISEP ID cards by visiting www.medisep.kerala.gov.in .
- Finance Department, being the administrator of the scheme will remit the annual premium in advance to the Oriental Insurance Company Ltd. on quarterly basis (as per the terms and conditions stipulated in the agreement between the Insurer and the State Government for implementing the scheme) by debiting the expenditure under the Head of Account '7610-00-800-89 Interest free advance payment to the Insurance Company towards the implementation of MEDISEP'.
- The annual premium thus remitted for the scheme shall be deducted @ Rs.500 per month from the salary of the employees starting from the month of June 2022 and from the gross monthly entitlement of pensioners due for the month of July 2022.
- All Drawing & Disbursing Officers and Treasury Officers should make necessary arrangements to deduct the monthly premium @ Rs. 500 from the salary of employees and monthly entitlement of pensioners and to remit the same to the following heads of account opened vide GO read 2nd and 4th above.

| | |
|---|---|
| MH - **8658** Suspense Accounts | |
| MIH – **102** Suspense Accounts (Civil) | |
| SH - **87** Medical Insurance Fund for State Employees and Pensioners. | |
| SSH- (**01**) | Contribution from Government Servants, Employees and teachers of Aided Institutions, directly recruited personal staff for Ministers etc. |
| SSH - (**02**) | Contribution from State Service Pensioners, including Family Pensioners, Ex-gratia Pensioners, |

| | |
|---|---|
| | Part time contingent pensioners and pensioners of aided Institutions, Personal Staff Pensioners etc. |

- The details of monthly premium remittance of employees and pensioners should be shared with www.medisep.kerala.gov.in online by the Treasury Department.

- **All Drawing & Disbursing Officers** should make necessary arrangements to deduct the monthly premium @ Rs. 500 from the salary of employees of All India Service Officers (optional) and monthly entitlement of All India Service Pensioners, if they exhibit willingness and to remit the same to the following heads of account.

  (a) ***8658-00-102-87-(03) (Contribution from All India Service Officers)***
  (b) ***8658-00-102-87-(04) (Contribution from All India Service Pensioners)***

- **All Drawing & Disbursing Officers of the Universities** should make necessary arrangements to deduct the monthly premium @ Rs. 500 from the salary of employees and monthly entitlement of pensioners and to remit the same to the following heads of account.

  (a) ***8658-00-102-87-(05) (Contribution from University Employees)***
  (b) ***8658-00-102-87-(06) (Contribution from University Pensioners)***

- Appropriate facility will be provided for verification of premium payment in the MEDISEP portal and the respective DDOs/Nodal Officers should ensure verification of the same before 25th of every month including the premium remittance details from the employees on deputation to other institutions.

- **All Drawing & Disbursing Officers of Local Self Government Institutions** should make necessary arrangements to deduct the monthly premium @ Rs. 500 from the salary of employees and monthly entitlement of pensioners except Panchayaths and to remit the same to the following heads of account.

(a) ***8658-00-102-87-(07) (Contribution from Local Self Government Institution Employees)***

(b) ***8658-00-102-87-(08) (Contribution from Local Self Government Institution Pensioners)***

- The details of monthly premium remittance of employees and pensioners should be shared with www.medisep.kerala.gov.in online from the Salary/ Pension processing software by the LSG Department.

- The monthly premium remittance of pensioners of Local Self Government Institutions (where pension is given from funds of respective LSGIs) should be verified by the disbursing officer through the check box provided for premium verification in the MEDISEP website, before 25th of every month.

- **In the case of Government Employees on Deputation** under various PSUs/ Autonomous Bodies/Boards/Corporations etc, the DDOs concerned should deduct the monthly premium @ Rs.500 and remit the same to the Head of Account ***"8658-00-102-87-(01) "Contribution from Government Servants and Employees and Teachers of Aided Institutions"*** by way of treasury chalan or through the e-payment gateway provided in the MEDISEP website/e-treasury and the remittance details should be at once forwarded to the DDO of parent department to which the employee belongs and where his MEDISEP data kept, before 20th of every month. The DDOs of parent department of such employees should ensure that monthly premium of those employees is being remitted to the respective heads of account before verification of the Premium Verification Check box in the MEDISEP website and verification should be done accordingly.

- State Government employees retired under **National Pension Scheme** who have enrolled under the scheme should remit the three years premium in advance to the following Head of Account ***8658-00-102-87-(09) (Contribution from NPS Pensioners)*** before 25/06/2022 and should furnish the remittance details to the Finance (Health Insurance) Department during the next day itself.

- In the case of employees covered under ***National Pension Scheme (NPS)*** and who retires after the commencement of the scheme, the DDO should deduct the outstanding premium for the entire policy period as on date of retirement in lump from the last month's salary.

- In circumstances where monthly salary of the employees have to be processed in parts, the monthly premium of MEDISEP should be deducted from the first part of the salary itself and should be remitted to the respective Head of Account.

- **Newly appointed employees** who joined service during the policy period of three years shall join the scheme by remitting the premium from the month of joining and can avail Rupees One Lakh Fifty Thousand per annum as Basic Sum Insured. Newly joined employees may get enrolled either by paying full year premium for that year and avail the benefit package in total or join the scheme in subsequent year. If they join from second year, the Block Period Sum Insured (SI) available would be only **Six Lakh and so on**.

- Those who avail LWA under Appendix XII A, XII B and XII C part I KSR shall not have the eligibility to join/continue in the scheme during the policy period.

- If an employee opts out in between the policy period (LWA/resignation after commencement of the scheme), Eligibility criteria would be as under: (a) if no claims are made during service period, no impact is on premium collection. (b) if claims were made only up to the Basic Sum Insured and up to Block Period Sum Insured, then full year(s) premium is to be paid. (c) If the employee had availed additional benefit package of catastrophic illness, he has to remit the entire premium for the entire policy period of 3 years. The premium as above should be remitted by the employee to the respective Head of Account by way of treasury chalan or through the e-payment gateway provided in the MEDISEP website/e-treasury. The DDO concerned should strictly ensure that such premium of those employees is being remitted to the respective heads of account and verification in the check box provided in the MEDISEP website should be done accordingly.

- Those who avail Leave Without Allowance (after commencement of the scheme) for a short spell not exceeding the period of one year during the policy period shall

have the option to remit the premium (to the respective Head of Account through treasury chalan or through the e-payment gateway provided in the MEDISEP website) in advance prior to entering into the leave. In the case of non remittance of premium in advance, the DDO concerned shall ensure to deduct the entire arrear premium in lump from the first salary drawn after rejoining duty based on the deduction effected from the Last Pay Certificate (LPC). The DDO concerned should strictly watch compliance of the same.

- Employees joining back from leave without pay may get enrolled for current year, by paying the full year premium. If they join from 2nd year or 3rd year, the Block Period Sum Insured (SI) would only be available corresponding to the number of years full premium is paid (e.g. if an employee pays only 2 years full premium, Block Period Sum Insured of Rs.6 Lakh only would be available, similarly for one year premium, Sum Insured available would be Rs. 3 Lakh).

- Those who defaults any single premium amount for the entire policy period of 3 years will not be eligible for availing the Additional Benefit Package for Catastrophic illness.

- If an employee is under suspension, the premium during the period shall be deducted from the subsistence allowance admissible. The DDO concerned shall make arrangements for the deduction.

- If an employee is dismissed or terminated from service as a part of major penalty, he/she shall cease to be the beneficiary of the scheme with effect from the date of order of such dismissal/termination. Any outstanding premium amount deducted from the salary of that employee be refunded, if he/she has not claimed any of the benefits under the scheme.

- If an employee retires/ superannuates during the policy period, the membership of his/her policy shall sustain and remittance towards the premium payment will be deducted from his/her entitlement as a pensioner.

- If the remittance details of Medisep premium is included in the LPC of the retiring employee, the arrear if any, should be deducted in lump from his first pension by the

treasury concerned.

- The Medisep premium of those employees who retire prior to 01/07/2022, and haven't yet received their pension, shall be remitted by the Govt. in advance and the same shall be deducted in lump from their first pension by the treasury concerned.

- It is the duty of every employee/pensioner to ensure that the monthly premium is remitted promptly, the failure of which may lead to denial of benefits under the scheme.

**(BY ORDER OF THE GOVERNOR)**

**RAJESH KUMAR SINGH IAS**

**ADDITIONAL CHIEF SECRETARY (FINANCE)**

To

The Principal Accountant General (G &SSA/A&E), Kerala, Thiruvananthapuram.
The Accountant General ( E & RSA), Kerala, Thiruvananthapuram
All heads of Department and Officers/All Departments (all Sections) of the Secretariat.
All Secretaries/Additional Secretaries/Joint Secretaries/
Deputy Secretaries/Under Secretaries to Government.
The Secretary to Governor
The Advocate General , Kerala
The Registrar, Kerala High court.
The Secretary, Kerala Public Service Commission.
Registrar of all Universities.
The NORKA Department.
The Private Secretary to Chief Ministers and Other Ministers.
The Private Secretary to Hon'ble Speaker
The Private Secretaries to the leader of Opposition, Government Chief Whip
The Director of Public Relations, Thiruvananthapuram.
The Additional Secretary to Chief Secretary.

The Director of Treasuries, Thiruvananthapuram.

The District Treasuries /Sub Treasuries.

Nodal Officer, www.finance.kerala.gov.in

Stock file/Office Copy

Forwarded/By Order

Section Officer

കേരള സർക്കാർ

ധനകാര്യ (ഹെൽത്ത് ഇൻഷുറൻസ്) വകുപ്പ്

<u>പരിപത്രം</u>

നം. 03/2024/ധന　　　　　　　　　　തിരുവനന്തപുരം, തീയതി: 16/01/2024

വിഷയം:- സംസ്ഥാന സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷുറൻസ് പദ്ധതി (MEDISEP)- ഗുണഭോക്താക്കളുടെ കുടിശ്ശിക മെഡിസെപ് പ്രീമിയം ഒടുക്കേണ്ട രീതി - സംബന്ധിച്ച്.

സൂചന:- 1) സ.ഉ.(അച്ചടി) നം. 70/2022/ധന, തീയതി 23/06/2022

2) സ.ഉ.(അച്ചടി) നം. 71/2022/ധന, തീയതി 24/06/2022

3) സ.ഉ.(അച്ചടി) നം. 128/2022/ധന, തീയതി 18/10/2022

4) സർക്കുലർ നം. 4/2023/ധന, തീയതി 10/01/2023

5) സർക്കുലർ നം. 18/2023/ധന, തീയതി 17/02/2023

6) ഇ-ഫയൽ നം. SPK-A4/52/2022-FIN (E-2120545)

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ് സൂചന (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം *01/07/2022* മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. മെഡിസെപ് പദ്ധതിയുടെ നടത്തിപ്പിനായി സർക്കാരും ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയും തമ്മിൽ ഒപ്പുവെച്ച ധാരണാപത്രം (MoU) പ്രകാരം, ആകെ മൂന്ന് വർഷം (*01.07.2022 – 30.06.2025*) ദൈർഘ്യമുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായിട്ടാണ് നിലവിൽ മെഡിസെപ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ *01.07.2022* മുതൽ *30.06.2023* വരെ ഒന്നാമത്തെ പോളിസി വർഷവും, *01.07.2023* മുതൽ *30.06.2024* വരെ രണ്ടാമത്തെ പോളിസി വർഷവും, *01.07.2024* മുതൽ *30.06.2025* വരെ മൂന്നാമത്തെ പോളിസി വർഷവുമാണ്. പ്രസ്തുത കാലയളവിൽ ജീവനക്കാരുടെയും (പുതുതായി സേവനത്തിൽ പ്രവേശിക്കുന്നവർ ഉൾപ്പെടെ) പെൻഷൻകാരുടെയും പ്രതിവർഷ പ്രീമിയം നാല് തവണകളായി സർക്കാർ മുൻകൂറായി ഇൻഷുറൻസ് കമ്പനിക്ക്

കൈമാറുന്നതിനാൽ, ചുവടെ സൂചിപ്പിക്കുന്ന സന്ദർഭങ്ങളിൽ ഗുണഭോക്താക്കളുടെ കുടിശ്ശിക പ്രീമിയം കുറവ് ചെയ്യേണ്ടതായിട്ടുണ്ട്:

1. മൂന്നു വർഷത്തെ പ്രീമിയം തുകയായ 18,000/- രൂപയും ഒടുക്കുന്നവർക്കു മാത്രമേ അവയവമാറ്റ ശസ്ത്രക്രിയകൾക്കുള്ള Catastrophic package-ന്റെ ആനുകൂല്യം ഉൾപ്പെടെ പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്ന പൂർണ്ണമായ ആനുകൂല്യങ്ങൾ ലഭ്യമാകുകയുള്ളു എന്നതിനാൽ, രണ്ടാമത്തെ പോളിസി വർഷത്തിലും മൂന്നാമത്തെ പോളിസി വർഷത്തിലും പുതുതായി സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാരുടെയും 01/07/2022 മുതലുള്ള കുടിശ്ശിക പ്രീമിയം തുക ടി ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും ആദ്യ ശമ്പളം മുതൽ തുല്യ ഗഡുക്കളായി കുറവ് ചെയ്യേണ്ടതാണ്. പോളിസി കാലയളവിനുള്ളിൽ മുൻകാല പ്രാബല്യത്തോടെ നിയമനാംഗീകാരം ലഭിക്കുന്ന എയിഡഡ് സ്കൂളുകളിലേയും കോളേജുകളിലേയും ജീവനക്കാർ നിയമനാംഗീകാരം ലഭിക്കുന്ന തീയതി മുതൽ മെഡിസെപ് അംഗത്വത്തിന് യോഗ്യരായതിനാൽ മേൽ വ്യവസ്ഥ അവർക്കും ബാധകമാണ്.

2. ഒരു ജീവനക്കാരൻ പദ്ധതി തുടങ്ങുന്നതിനു മുൻപ് ശൂന്യവേതനാവധിയിൽ ആയിരുന്നതിനു ശേഷം തിരികെ സേവനത്തിൽ പ്രവേശിക്കുമ്പോൾ, ടിയാന്റെ തുടർന്നുള്ള ആദ്യ ശമ്പളത്തിൽ നിന്നും കുടിശ്ശിക പ്രീമിയം ഒരുമിച്ചോ/ഗഡുക്കളായോ ഡി.ഡി.ഒ. കുറവ് ചെയ്യേണ്ടതാണ്.

3. പദ്ധതിയിൽ അംഗമായ ഒരു ജീവനക്കാരൻ 3 വർഷത്തെ പോളിസി കാലയളവിനുള്ളിൽ, ഒരു വർഷത്തിലധികം കാലയളവിലേക്ക് ശൂന്യവേതനാവധിയിൽ പ്രവേശിക്കുമ്പോൾ അയാളുടെ മെഡിസെപ് ഐ.ഡി.-യിൽ പോളിസി ഉളവാക്കി കഴിഞ്ഞതിനാൽ മൂന്നു വർഷത്തെ ആകെ പ്രീമിയം തുകയായ 18,000/- രൂപയിൽ ഒടുക്കുവാൻ ശേഷിക്കുന്ന തുക, ടിയാന്റെ ശൂന്യവേതനാവധിയിൽ പ്രവേശിക്കുന്നതിനു തൊട്ട് മുൻപുള്ള ശമ്പളത്തിൽ നിന്ന് ഡി.ഡി.ഒ. കുറവ് ചെയ്യേണ്ടതാണ്. ഇക്കാലയളവിൽ ടിയാനും ആശ്രിതർക്കും മെഡിസെപ് പദ്ധതിയുടെ ഗുണഫലങ്ങൾ പൂർണ്ണമായി ലഭിക്കുന്നതാണ്.

4. ഒരു ജീവനക്കാരൻ മെഡിസെപ് ബാധകമായ ഒരു വകുപ്പിൽ നിന്നും മെഡിസെപ് ബാധകമല്ലാത്ത മറ്റൊരു സേവനത്തിലേയ്ക്ക് (പൊതുമേഖല സ്ഥാപനങ്ങൾ/ സ്വയം ഭരണ സ്ഥാപനങ്ങൾ/ ബോർഡുകൾ/ കമ്പനികൾ/ കോർപ്പറേഷനുകൾ) പുതിയ നിയമനം ലഭിച്ച് പോകുന്ന സാഹചര്യത്തിൽ, ആ പോളിസി വർഷത്തിൽ ഒടുക്കുവാൻ ശേഷിക്കുന്ന പ്രീമിയം തുക ടിയാന്റെ അവസാന ശമ്പളത്തിൽ നിന്ന് ഡി.ഡി.ഒ. കുറവ്

ചെയ്യേണ്ടതാണ്. ടിയാൻ/ആശ്രിതർ അവയവമാറ്റ ശസ്ത്രക്രിയകൾക്കുള്ള Catastrophic package മുഖേനയുള്ള ആനുകൂല്യം കൈപ്പറ്റിയിട്ടില്ലായെന്ന സത്യവാങ്മൂലം വാങ്ങുകയും അടുത്ത പോളിസി വർഷം ആരംഭിക്കുന്നതിനു മുൻപ് ഈ വിവരം മെഡിസെപ് വെബ്സൈറ്റിൽ രേഖപ്പെടുത്തിയതിനുശേഷം ഡി.ഡി.ഒ. ടി വ്യക്തിയുടെ മെഡിസെപ് പ്രൊഫൈൽ 'deactivate' ചെയ്യേണ്ടതാണ്. ഇപ്രകാരം ഒരു മെഡിസെപ് അക്കൗണ്ട് 'deactivate' ചെയ്യുന്ന വിവരം ബന്ധപ്പെട്ട ഡി.ഡി.ഒ. രേഖാമൂലം ധനകാര്യ (ഐ ടി എസ് എഫ്) വകുപ്പിനെ info.medisep@kerala.gov.in എന്ന ഇമെയിൽ വിലാസത്തിൽ അടിയന്തരമായി അറിയിക്കേണ്ടതാണ്. ധനകാര്യ (ഐ ടി എസ് എഫ്) വകുപ്പ് പ്രസ്തുത വിവരം ഇൻഷുറൻസ് കമ്പനിയെ അറിയിക്കേണ്ടതും ഇൻഷുറൻസ് കമ്പനി പ്രസ്തുത ജീവനക്കാരന്റെ പോളിസി റദ്ദ് ചെയ്യേണ്ടതുമാണ്. ടിയാനും ആശ്രിതർക്കും പ്രസ്തുത പോളിസി വർഷത്തിലും Catastrophic package ഒഴികെയുള്ള ചികിത്സകൾക്ക് മെഡിസെപ് ഇൻഷുറൻസ് പരിരക്ഷ ലഭ്യമാകുന്നതാണ്. ഇനിയഥവാ ടിയാൻ Catastrophic package മുഖേനയുള്ള ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ടെങ്കിൽ മൂന്നു വർഷത്തെ ആകെ പ്രീമിയം തുകയായ 18,000/- രൂപയിൽ ഒടുക്കുവാൻ ശേഷിക്കുന്ന തുക ടിയാന്റെ അവസാന ശമ്പളത്തിൽ നിന്ന് ഡി.ഡി.ഒ. കുറവ് ചെയ്യേണ്ടതാണ്. മെഡിസെപ്പിൽ അംഗങ്ങളായ അഖിലേന്ത്യാ സർവ്വീസ് (AIS) ഓഫീസർമാർക്കും മേൽപ്പറഞ്ഞ വ്യവസ്ഥ ബാധകമാണ്.

5. ആശ്രിതരുള്ള മെഡിസെപ് ഗുണഭോക്താവായ ഒരു ജീവനക്കാരൻ മരണപ്പെടുമ്പോൾ ആശ്രിതന് കുടുംബപെൻഷൻ ലഭിച്ചുതുടങ്ങുന്നതിനുണ്ടാകുന്ന കാലതാമസം നിമിത്തം കുടിശ്ശിക പ്രീമിയം കുറവ് ചെയ്യേണ്ട സാഹചര്യമുണ്ടായാൽ, ബന്ധപ്പെട്ട ട്രഷറി ഓഫീസർ/പെൻഷൻ ഓഫീസർ ടി വ്യക്തിയുടെ ആദ്യ കുടുംബപെൻഷനിൽ നിന്നും ആയത് കുറവ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

6. മെഡിസെപ് കാർഡിൽ കുടുംബപെൻഷന് യോഗ്യരായ ആശ്രിതർ ആരുമില്ലാത്ത മെഡിസെപ് ഗുണഭോക്താവായ ഒരു ജീവനക്കാരൻ മരണപ്പെടുമ്പോൾ, ടി വ്യക്തി മെഡിസെപ് ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ടി വ്യക്തിയുടെ അവസാന ശമ്പളത്തിൽ നിന്നും ആ പോളിസി വർഷത്തിൽ ഒടുക്കാൻ ശേഷിക്കുന്ന തുക കുടിശ്ശികയായി പരിഗണിച്ച് ബന്ധപ്പെട്ട ഡി.ഡി.ഒ. കുറവ് ചെയ്യേണ്ടതാണ്. ടിയാൻ അവയവമാറ്റ ശസ്ത്രക്രിയകൾക്കുള്ള Catastrophic package മുഖേനയുള്ള ആനുകൂല്യം കൈപ്പറ്റിയിട്ടില്ലായെന്ന സത്യവാങ്മൂലം ടിയാന്റെ അനന്തരാവകാശിയിൽ

(നിയമപരമായ അനന്തരാവകാശി ഉണ്ടെങ്കിൽ) നിന്ന് വാങ്ങുകയും എത്രയും വേഗം ഈ വിവരം മെഡിസെപ് വെബ്സൈറ്റിൽ രേഖപ്പെടുത്തിയതിനുശേഷം ഡി.ഡി.ഒ. ടി വ്യക്തിയുടെ മെഡിസെപ് പ്രൊഫൈൽ 'deactivate' ചെയ്യേണ്ടതാണ്. തുടർന്ന് ടിയാന്റെ പോളിസി റദ്ദ് ചെയ്യുന്നതിന് മുൻ ഖണ്ഡിക 4 -ൽ സൂചിപ്പിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

7. മെഡിസെപ് കാർഡിൽ ആശ്രിതരായി ആരുമില്ലാത്ത മെഡിസെപ് ഗുണഭോക്താവായ ഒരു പെൻഷണറോ ഒരു കുടുംബപെൻഷണറോ മരണപ്പെടുമ്പോൾ ടി വ്യക്തിയുടെ ജീവകാല കുടിശ്ശിക (LTA) -യിൽ നിന്നും ആ പോളിസി വർഷത്തിൽ ശേഷിക്കുന്ന തുക കുടിശ്ശികയായി പരിഗണിച്ച് ബന്ധപ്പെട്ട ട്രഷറി ഓഫീസർ/പെൻഷൻ ഓഫീസർ കുറവ് ചെയ്യേണ്ടതാണ്. കൂടാതെ മരണപ്പെട്ട വ്യക്തി അവയവമാറ്റ ശസ്ത്രക്രിയകൾക്കുള്ള Catastrophic package മുഖേനയുള്ള ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ടെങ്കിൽ, മൂന്നു വർഷത്തെ ആകെ പ്രീമിയം തുകയായ 18,000/- രൂപയിൽ ഒടുക്കുവാൻ ശേഷിക്കുന്ന തുക ടിയാന്റെ ജീവകാല കുടിശ്ശിക അനുവദിക്കുന്ന സമയത്ത് ആയതിൽ നിന്നും ട്രഷറി ഓഫീസർ കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ടിയാൻ Catastrophic package മുഖേനയുള്ള ആനുകൂല്യം കൈപ്പറ്റിയിട്ടില്ലെങ്കിൽ, ടിയാന്റെ അനന്തരാവകാശി LTA കൈപ്പറ്റുവാൻ ട്രഷറിയെ സമീപിക്കുമ്പോൾ Catastrophic package മുഖേനയുള്ള ആനുകൂല്യം കൈപ്പറ്റിയിട്ടില്ലായെന്ന സത്യവാങ്മൂലം വാങ്ങേണ്ടതും എത്രയും വേഗം ഈ വിവരം മെഡിസെപ് വെബ്സൈറ്റിൽ രേഖപ്പെടുത്തി ടി വ്യക്തിയുടെ മെഡിസെപ് അക്കൗണ്ട് deactivate ചെയ്യേണ്ടതാണ്. തുടർന്ന് ടിയാന്റെ പോളിസി റദ്ദ് ചെയ്യുന്നതിന് മുൻഖണ്ഡിക 4-ൽ സൂചിപ്പിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

8. കുടുംബ പെൻഷൻ കൈപ്പറ്റുന്ന ഒരു വ്യക്തി പുതിയ നിയമനം ലഭിച്ച് സർക്കാർ സേവനത്തിൽ പ്രവേശിക്കുമ്പോൾ ടി വ്യക്തി ഇക്കാര്യം യഥാസമയം ബന്ധപ്പെട്ട ട്രഷറി ഓഫീസറെ അറിയിക്കേണ്ടതാണ്. ട്രഷറി ഓഫീസർ ടി വ്യക്തിയുടെ കുടുംബപെൻഷനിൽ നിന്നുള്ള മെഡിസെപ് അക്കൗണ്ട് 'block' ചെയ്യേണ്ടതും, പുതിയ ഓഫീസിലെ ഡി.ഡി.ഒ. Employee ID/PEN ഉപയോഗിച്ച് ടി പ്രൊഫൈൽ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്. ഒരു കാരണവശാലും ഇപ്രകാരമുള്ളൊരു വ്യക്തിക്കു പുതിയൊരു മെഡിസെപ് ഐ.ഡി. അനുവദിക്കുവാൻ പാടുള്ളതല്ല.

മേൽ പ്രസ്താവിച്ച സാഹചര്യങ്ങളിൽ ജീവനക്കാരുടെ/പെൻഷൻകാരുടെ കുടിശ്ശിക പ്രീമിയം ഈടാക്കേണ്ടത് ചുവടെ പരാമർശിക്കുന്ന രീതിയിലാണ്:

(a) സ്പാർക്ക് മുഖേനയല്ലാതെ ശമ്പളവിതരണം നടത്തുന്ന ഓഫീസിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം സൂചന (2), (3) സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിക്കും പ്രകാരം ട്രഷറി ചലാൻ/ഇ-ട്രഷറി സംവിധാനം/മെഡിസെപ് വെബ്സൈറ്റിലെ ഇ-പേയ്മെന്റ് ഗേറ്റ് വേ മുഖേനയാണ് ഡി.ഡി.ഒ. -മാർ ഒടുക്കി വരുന്നത്. ഇത്തരം ജീവനക്കാരുടെ കുടിശ്ശിക പ്രീമിയം ഒടുക്കേണ്ടിവരുന്ന സാഹചര്യത്തിലും ഇതേ രീതി തന്നെ ഡി.ഡി.ഒ. -മാർ അവലംബിക്കേണ്ടതാണ്.

(b) സ്പാർക്ക് മുഖേന ശമ്പളവിതരണം നടത്തുന്ന വകുപ്പുകളിലെ ജീവനക്കാരുടെ കുടിശ്ശിക മെഡിസെപ് പ്രീമിയം ഒടുക്കുന്നതിനായി സ്പാർക്ക് സോഫ്റ്റ് വെയറിൽ 'Arrear deduction module' സജ്ജമാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ജീവനക്കാരുടെ കുടിശ്ശിക പ്രീമിയം ഈടാക്കുന്നതിന് 812 (MEDISEP ARREAR-STATE) എന്ന ഡിഡക്ഷൻ കോഡും അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ കുടിശ്ശിക പ്രീമിയം ഈടാക്കുന്നതിന് 813 (MEDISEP ARREAR – AIS)എന്ന ഡിഡക്ഷൻ കോഡുമാണ് സ്പാർക്ക് സോഫ്റ്റ് വെയറിൽ പുതുതായി ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത ഡിഡക്ഷൻ കോഡുകൾ ഉപയോഗിച്ച് ബന്ധപ്പെട്ട ഡി.ഡി.ഒ. -മാർക്ക് ജീവനക്കാരുടെയും അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെയും കുടിശ്ശിക പ്രീമിയം ഈടാക്കുന്നതാണ്.

(c)സ്റ്റാറ്റ്യൂട്ടറി പെൻഷൻകാരുടെ കുടിശ്ശിക പ്രീമിയം ബന്ധപ്പെട്ട ട്രഷറി/പെൻഷൻ ഓഫീസർമാർ ഈടാക്കി സൂചന (2) ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം അതത് ബജറ്റ് ശീർഷകങ്ങളിൽ ഒടുക്കേണ്ടതാണ്.

(d)മെഡിസെപ് പദ്ധതി ആരംഭിച്ച തീയതിയായ 01/07/2022-ന് മുൻപ് സേവനത്തിൽ നിന്ന് വിരമിച്ച NPS പെൻഷൻകാർക്ക് മെഡിസെപ് അംഗത്വം ഐച്ഛികമായിരുന്നു (Optional). അപ്രകാരമുള്ള NPS പെൻഷൻകാരെ, അവരുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ മൂന്ന് വർഷത്തെ ആകെ പ്രീമിയം തുകയായ 18,000/- രൂപ മുൻകൂറായി ഒറ്റത്തവണയായി സ്വീകരിച്ചുകൊണ്ട് പദ്ധതിയിൽ ചേർത്തിരുന്നു. ആയതിനാൽ, 01/07/2022-ന് മുൻപ് സേവനത്തിൽ നിന്ന് വിരമിച്ച NPS പെൻഷൻകാർക്ക് ഇനി മെഡിസെപ് പദ്ധതിയിൽ അംഗങ്ങളാകുവാൻ സാധിക്കുന്നതല്ല. എന്നാൽ, 01/07/2022-ന് മുൻപ് സേവനത്തിൽ നിന്നു വിരമിച്ച മെഡിസെപ് കാർഡ് ലഭ്യമായ (www.medisep.kerala.gov.in എന്ന വെബ്പോർട്ടലിലെ മെഡ്കാർഡ് ലിങ്കിൽ മെഡിസെപ് ഐ.ഡി. user ID ആയും PEN Number/ Employee Id Password ആയും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഡൗൺലോഡ് ചെയ്യാവുന്നതാണ്) NPS പെൻഷൻകാരിൽ 18,000/- രൂപ ചലാൻ മുഖേന ഒടുക്കാത്തവർ എത്രയും വേഗം ട്രഷറി ചലാൻ മുഖേന '8658-00-102-87(09) Contribution from NPS

Pensioners' എന്ന ബജറ്റ് ശീർഷകത്തിൽ ആയത് ഒടുക്കി അസ്സൽ ചലാൻ ധന (ഹെൽത്ത് ഇൻഷുറൻസ്) വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്. മേൽ നിർദ്ദേശം പാലിക്കാത്തവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതും അവരുടെ മെഡിസെപ് പോളിസി റദ്ദാക്കുന്നതുമാണ്.

01/07/2022-ന് ശേഷം മൂന്നു വർഷത്തെ പോളിസി കാലയളവിനുള്ളിൽ സേവനത്തിൽ നിന്ന് വിരമിക്കുന്ന NPS പെൻഷൻകാരുടെ 18,000/- രൂപയിൽ ഒടുക്കുവാൻ ശേഷിക്കുന്ന മെഡിസെപ് പ്രീമിയം, സൂചന (2) ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരം ബന്ധപ്പെട്ട ഡി.ഡി.ഒ.-മാർ അവരുടെ അവസാന ശമ്പളത്തിൽ നിന്നും ഈടാക്കി അതത് ബജറ്റ് ശീർഷകത്തിൽ ഒടുക്കേണ്ടതും ഒടുക്കിയ വിവരം എത്രയും വേഗം രേഖാമൂലം ധന (ഹെൽത്ത് ഇൻഷുറൻസ്) വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

എന്നാൽ 01/07/2022-ന് ശേഷം മൂന്നു വർഷത്തെ പോളിസി കാലയളവിനുള്ളിൽ സേവനത്തിൽ നിന്ന് വിരമിക്കുന്ന NPS പെൻഷൻകാരിൽ 18,000/- രൂപയിൽ ഒടുക്കാൻ ശേഷിക്കുന്ന പ്രീമിയം തുക അവസാന ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുവാൻ ഡി.ഡി.ഒ.-മാർ വിട്ടുപോയിട്ടുള്ളവർ, തങ്ങൾക്ക് മെഡിസെപ് കാർഡ് ലഭ്യമാണോയെന്ന് പരിശോധിക്കേണ്ടതാണ്. കാർഡ് ലഭ്യമാണെങ്കിൽ 18,000/- രൂപയിൽ, ശമ്പളത്തിൽ നിന്നും കുറവ് ചെയ്ത പ്രീമിയം കിഴിച്ചുള്ള തുക എത്രയും വേഗം ട്രഷറി ചലാൻ മുഖേന '8658-00-102-87(09) Contribution from NPS Pensioners' എന്ന ബജറ്റ് ശീർഷകത്തിൽ ഒടുക്കി അസ്സൽ ചലാൻ ധന (ഹെൽത്ത് ഇൻഷുറൻസ്) വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.

ഒരു ജീവനക്കാരന്റെ സർവ്വീസ് കാലയളവിലെ അവസാന ശമ്പളത്തിൽ നിന്നും മെഡിസെപ് പ്രീമിയം തുക ഈടാക്കുകയാണെങ്കിൽ അത് ആ വ്യക്തിയുടെ ആദ്യത്തെ പ്രതിമാസ പെൻഷൻതുകയിൽ നിന്നും ഈടാക്കേണ്ടതില്ലെന്ന് ടിയാന്റെ LPC പരിശോധിച്ച് ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ് എന്നുള്ള നിർദ്ദേശം ട്രഷറി ഡയറക്ടർ നൽകേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ സർക്കാർ വകുപ്പുകളിലെയും യൂണിവേഴ്സിറ്റികളിലെയും പഞ്ചായത്തുകളിലെയും ഉൾപ്പെടെ എല്ലാ മെഡിസെപ് ഗുണഭോക്താക്കൾക്കും ബാധകമാണ്.

**മിർ മുഹമ്മദ് അലി ഐ.എ.എസ്**

**അഡീഷണൽ സെക്രട്ടറി & ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (ധനകാര്യം)**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം

എല്ലാ വകുപ്പ് മേധാവികൾക്കും

അഡ്വക്കറ്റ് ജനറൽ, കേരള, എറണാകുളം

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം

രജിസ്ട്രാർ, എല്ലാ സർവകലാശാലകൾക്കും

ബഹു. ഗവർണറുടെ സെക്രട്ടറി

ബഹു. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ

ബഹു. പ്രതിപക്ഷ നേതാവിന്റേയും ഗവൺമെന്റ് ചീഫ് വിപ്പിന്റേയും പ്രൈവറ്റ് സെക്രട്ടറിമാർ

ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി/എക്സ്പെന്റിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, അഡീഷണൽ

സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

പബ്ലിക് റിലേഷൻസ് വകുപ്പ്

നോഡൽ ഓഫീസർ , www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി ( HI-3/80/2023-FIN -E2438398)

ഉത്തരവിൻ പ്രകാരം

Ganesh A

സെക്ഷൻ ഓഫീസർ